LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലാണ് രജിസ്ട്രേഷൻ നൽകുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) മുഖം വ്യക്തമായും പൂർണ്ണമായും കാണാവുന്ന തരത്തിലുള്ള ഫോട്ടോകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണെന്ന് ട്രാവൻകൂർ മെഡിക്കൽ കൗൺസിലിന്റെ ജോയിന്റ് കൗൺസിലിൽ തീരുമാനമായിട്ടുണ്ട്. തീരുമാനത്തിന്റെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ശിരോവസ്ത്രം ധരിച്ച ഫോട്ടോ വിലക്കിയിട്ടില്ല.

പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

134 (823) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിപ്പ് നൽകിയിരുന്നുവോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിലേക്ക് സർക്കാർ താല്പര്യം പ്രകടിപ്പിച്ചിരുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(സി) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന കാര്യത്തിൽ എന്നാണ് തീരുമാനമെടുത്തത്; പ്രസ്തുത തീരുമാനം, ഇ.എസ്.ഐ. കോർപ്പറേഷനെ അറിയിച്ചത് എന്നാണ് ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജ് ഏറ്റെടുക്കുമ്പോൾ ഇ.എസ്.ഐ. പരിധിയിലുള്ള തൊഴിലാളികൾക്കും അവരുടെ മക്കൾക്കും എന്തൊക്കെ ആനുകൂല്യങ്ങളാണ് ഉറപ്പുവരുത്തുക ; തീരുമാനം വ്യക്തമാക്കുമോ;

(ഇ) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ആദ്യം ESIC-യുടെ ആവശ്യപ്രകാരം സംസ്ഥാന സർക്കാരിന്റെ തത്വത്തിലുള്ള സമ്മതം അവരെ അറിയിക്കുകയും പിന്നീട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര കമ്മിറ്റി ഏറ്റെടുക്കൽ സംബന്ധിച്ച് നിർദ്ദേശിച്ച പ്രാരംഭ വ്യവസ്ഥകൾ മന്ത്രിസഭായോഗം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി നടന്ന സെക്രട്ടറിതല ചർച്ചകളെ തുടർന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അന്തിമ നിബന്ധനകളും വ്യവസ്ഥകളും തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു തന്നിരുന്നു. ടി നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ധനകാര്യ, നിയമവകുപ്പുകളുടെ അഭിപ്രായമാരാഞ്ഞശേഷം മന്ത്രിസഭ അംഗീകരിക്കുകയും അതനുസരിച്ച് 11-9-2015-ലെ സ.ഉ (കൈ)നമ്പർ 203/2015/ആ.കു.വ. പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടുന്നതിന് ഉത്തരവ് പുറപ്പെടുവിപ്പിക്കുകയും ചെയ്തു. തുടർന്ന് 12-11-2015-ന് ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സംബന്ധിച്ച ധാരണാപത്രം സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനുമായി ഒപ്പുവച്ചു. പിന്നീട് മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് 30-10-2015-ലെ സ.ഉ.(സാധാ) നമ്പർ 3552/15/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന്, 1-12-2015-ലെ സ.ഉ (കൈ)നമ്പർ 272/15/ആ.കു.വ. പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) 25-2-2015-ന് തീരുമാനമെടുത്തു. പ്രസ്തുത തീരുമാനം 26-2-2015-ന് ഇ.എസ്.ഐ. കോർപ്പറേഷനെ അറിയിച്ചു.

(ഡി) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. മെഡിക്കൽ കോളേജിലെ 35% M.B.B.S. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷനു കീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് മാറ്റിവയ്ക്കും.

(ഇ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാക്കി 1-12-2015-ലെ സ.ഉ.(കൈ) 272/2015/ ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.